I ഇ.ബി. XIV - കേരള നിയമസഭ/II-19

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 31, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I അടിയന്തരപ്രമേയം

വരൾച്ച

മി. സ്പീക്കർ: മഴയുടെ ലഭ്യതക്കുറവുമൂലം സംസ്ഥാനം നേരിടുന്ന വരൾച്ചയും കുടിവെള്ളക്ഷാമവും കൃഷിനാശവും കാരണം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷവും വരൾച്ച നേരിടാനുള്ള

അടിയന്തരനടപടികളും സംസ്ഥാനത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിച്ച് പ്രശ്നപരിഹാരത്തിന് കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കുന്ന കാര്യവും സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, പി. ഉബൈദുള്ള എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ)</u>: സംസ്ഥാനം നേരിടുന്ന കുടിവെള്ളക്ഷാമവും ജലലഭ്യതക്കുറവും ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് 13-10-2016-ന് മുഖ്യമന്ത്രിയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും പങ്കെടുത്ത യോഗത്തിൽ ചർച്ച ചെയ്യുകയും ജലവിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിന് തീരുമാനിക്കുകയുമുണ്ടായി. കൂടാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ യോഗം ചേർന്ന് സംസ്ഥാനത്തെ മുഴുവൻ ജില്ലകളെയും വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. വരൾച്ച നേരിടുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ജില്ലാടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. നവംബർ-ഡിസംബർ മാസങ്ങളിൽ പൂർണ്ണമായി മഴ ലഭിച്ചാലും വരൾച്ചയ്ക്ക് ശാശ്വത

പരിഹാരമുണ്ടാകില്ലെന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വരൾച്ചബാധിത മേഖലയായി പ്രഖ്യാപിക്കാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സംസ്ഥാനം നാളിതുവരെ അഭിമുഖീകരിച്ചിട്ടില്ലാത്തവിധം രൂക്ഷമായ വരൾച്ചയെ നേരിടുന്ന സാഹചര്യത്തിൽ വിശദമായ ചർച്ച നടത്തി കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ഏറ്റവും കുറവ് മഴയാണ് സംസ്ഥാനത്ത് ലഭ്യമായിരിക്കുന്നത്. പാലക്കാട്, വയനാട്, ഇടുക്കി ജില്ലകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. ഡാമുകളിലും തടാകങ്ങളിലും ജലനിരപ്പ് കുറഞ്ഞിരിക്കുകയാണ്. വരൾച്ചയും കുടിവെള്ളക്ഷാമവും വൈദ്യുതി പ്രതിസന്ധിയും രൂക്ഷമാകുന്ന സാഹചര്യത്തിൽ ജലവിനിയോഗത്തിനായി ജലനയം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണം. ജലസംഭരണത്തിലുള്ള പരാജയവും തെറ്റായ ജലവിനിയോഗ രീതിയുമാണ് ഇന്നത്തെ പ്രതിസന്ധിക്ക് കാരണം. കിണറുകളും കുളങ്ങളും നികത്തുന്നത് തടയുന്നതിനും മഴവെള്ളം ശേഖരിച്ച് വിനിയോഗിക്കുന്നതിനും മഴക്കുഴികൾ സ്ഥാപിക്കുന്നതിനും തയ്യാറാകണം. കേരളത്തിലെ മുഴുവൻ കുളങ്ങളും സംരക്ഷിക്കുന്നതിന് ഫലപ്രദമായ നടപടി

സ്വീകരിക്കണം. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് പോലീസിന്റെ സഹായത്തോടുകൂടി സംവിധാനങ്ങളൊരുക്കണം. വീടുകളിലും ഓഫീസുകളിലും മഴക്കുഴികൾ നിർമ്മിക്കുന്നതിനു പുറമെ പുതിയതായി നിർമ്മിക്കുന്ന വീടുകൾക്കും ഫ്ലാറ്റുകൾക്കും റെയിൻ ഹാർവെസ്റ്റിംഗ് സംവിധാനമൊരുക്കുന്നതിനും കർശന നിർദ്ദേശം നൽകണം. സംസ്ഥാനത്തെ മുഴുവൻ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിക്കുകയും ജില്ലാടിസ്ഥാനത്തിൽ മന്ത്രിമാർക്ക് ചുമതല നൽകി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. സഹകരണ ബാങ്കുകളിൽനിന്ന് ഉൾപ്പെടെ കർഷകരെടുക്കുന്ന വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. രൂക്ഷമായ വരൾച്ചയെ നേരിടാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല ഏകോപനവും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതല ഏകോപനവുമുണ്ടാകണം. അടിയന്തരമായി ഈ പ്രശ്നങ്ങൾ വിലയിരുത്തി കേന്ദ്ര സഹായം നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണം. ഗുരുതരമായ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കുകയും വിജ്ഞാപനം പുറപ്പെടുവിക്കാൻ ദുരിതാശ്വാസ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

13.10.2016-ന് ചേർന്ന യോഗത്തിൽ മഴ ലഭ്യതയിൽ ഉണ്ടാകുന്ന കുറവുൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് വരൾച്ച നേരിടുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും വരൾച്ച നേരിടാനായി അധികതുക ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വരൾച്ച പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾക്കാവശ്യമായ വിശദമായ നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിക്കാൻ ദുരന്ത നിവാരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജലം വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള മുൻകരുതലുകളെടുക്കുന്നതുൾപ്പെടെ 26 നിർദ്ദേശങ്ങളടങ്ങിയ കുറിപ്പ് എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. മഴക്കുഴികൾ നിർമ്മിക്കുന്നതിനും ജലസംരക്ഷണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും സഹകരണം അത്യാവശ്യമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സംസ്ഥാനം

ഗുരുതരമായ വരൾച്ചയെ അഭിമുഖീകരിക്കാൻ പോകുകയാണ്. മഴയുടെ അഭാവം കാർഷിക മേഖലയിലുൾപ്പെടെ വലിയ പ്രതിസന്ധിയുണ്ടാക്കിയിരിക്കുകയാണ്. ആഗോളതാപനത്തെ തുടർന്നുള്ള കാലാവസ്ഥ വ്യതിയാനമാണ് വരൾച്ചയ്ക്കുള്ള പ്രധാന കാരണം. വരൾച്ചയെ നേരിടുന്നതിനായി ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ജില്ലാതലത്തിലും മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരെ പങ്കെടുപ്പിച്ചുകൊണ്ട് തഹസിൽദാർമാരുടെ നേതൃത്വത്തിലും യോഗം വിളിച്ചുചേർക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകണം. വരൾച്ച നേരിടുന്നതിന് ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അധികതുക അനുവദിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന് നിവേദനം സമർപ്പിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): വരൾച്ച നേരിടുന്നതിന് ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ സാന്നിധ്യത്തിൽ യോഗം ചേരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മണ്ഡലാടിസ്ഥാനത്തിൽ യോഗം ചേരുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വരൾച്ച നേരിടുന്നതിനായി ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്ന് അധിക തുക ലഭ്യമാക്കാൻ സംസ്ഥാന ദുരിതാശ്വാസ

കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുമായി ആലോചിച്ച് ഈ വിഷയത്തിൽ കൂടുതൽ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കേന്ദ്രത്തെ വസ്തുതകൾ ബോധ്യപ്പെടുത്തുകയും കേന്ദ്ര സംഘത്തെ കേരളത്തിൽ എത്തിക്കുന്നതിനുള്ള ശ്രമം നടത്തുകയും വേണം. വരൾച്ച നേരിടുന്നതിനായി സർക്കാർ തീരുമാനിച്ച കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് വാട്ടർ അതോറിറ്റിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊണ്ട സാഹചര്യത്തിൽ വാക്കൗട്ട് നടത്തുന്നില്ല.

## II ശ്രദ്ധക്ഷണിക്കൽ

### (1) <u>ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത</u>

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന രോഗികൾ വളരെയധികം

ദുരിതമനുഭവിക്കുകയാണ്. ഒ.പി./ഐ.പി. വിഭാഗങ്ങളിൽ അനുവദനീയമായതിന്റെ ഇരട്ടിയിലധികം രോഗികളാണ് ചികിത്സയ്ക്കായി എത്തുന്നത്. കാർഡിയോളജി ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ കാലഹരണപ്പെട്ട ഉപകരണങ്ങളും ആശുപത്രി സ്ഥാപിതമായപ്പോഴുള്ള സ്റ്റാഫ് പാറ്റേണുമാണ് നിലവിലുള്ളത്. വിവിധ വിഭാഗങ്ങളിലായി 105 ഡോക്ടർമാർ ഉൾപ്പെടെ നഴ്സ്, അറ്റന്റർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയ തസ്തികകളിലും സ്റ്റാഫിന്റെ അഭാവമുണ്ട്. താല്ക്കാലിക ജീവനക്കാരെ നിയമിച്ചാണ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തിപ്പിച്ചുവരുന്നത്. അനസ്തേഷ്യ ഡോക്ടർമാരുടെ കുറവുമൂലം സർജറികൾ യഥാസമയം നടത്താനാകാത്ത സാഹചര്യമുണ്ട്. കാഷ്വാലിറ്റിയിൽ ഒരു സർജറി തിയേറ്റർ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക സ്കീം അനുസരിച്ച് അനുവദിച്ച വികസന പദ്ധതികൾ ആരംഭിച്ചിട്ടില്ല. അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിക്കപ്പെട്ട തുക ആസൂത്രിതമായി വിനിയോഗിക്കാൻ കഴിയണം. അനസ്തേഷ്യ ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ജില്ലാ-താലൂക്കാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി

കോഴിക്കോട് മെഡിക്കൽ കോളേജിൽ അനുഭവപ്പെടുന്ന തിരക്ക് കുറയ്ക്കുന്നതിനും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും പ്രശ്ന പരിഹാരത്തിനായി ഉന്നതതല യോഗം വിളിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോഴിക്കോട് മെഡിക്കൽ കോളേജുൾപ്പെടെയുള്ള കേരളത്തിലെ മെഡിക്കൽ കോളേജുകൾ ആധുനികവത്കരിക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുമുള്ള തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കോഴിക്കോടും തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകൾ എയിംസ് നിലവാരത്തിലാക്കുന്നതാണ്. പശ്ചാത്തല സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ചികിത്സയ്ക്കെത്തുന്നവരുടെ എണ്ണത്തിനനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. പുതിയ ബ്ലോക്കുകൾ പണികഴിപ്പിക്കുന്നതിനും ഓപ്പറേഷൻ തിയേറ്ററുകൾ ആധുനികവത്കരിക്കുന്നതിനും മതിയായ തസ്തിക സൃഷ്ടിച്ച് സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും ക്യാൻസർ കെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ഒരു ലീനിയർ ആക്സിലറേറ്റർകൂടി സ്ഥാപിക്കുന്നതിനും ഇന്റൻസീവ് കെയർ യൂണിറ്റ് ശക്തമാക്കുന്നതിനും അനസ്തേഷ്യാ

ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കും. ഇലക്ട്രോണിക് സംവിധാനമുള്ള ആധുനിക ഒ.പി. ബ്ലോക്ക് സ്ഥാപിക്കുന്നതാണ്. മൂന്ന് ആംബുലൻസുകൾകൂടി വാങ്ങുന്നതിനും ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി.വഴി നികത്തുന്നതിനും നടപടി സ്വീകരിക്കും. സമഗ്ര പ്രാഥമിക ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ജില്ലാ-താലൂക്കാശുപത്രികളെ ശക്തിപ്പെടുത്തുന്നതാണ്. ജില്ലാ ആശുപത്രികളിലെ കാർഡിയോളജി വിഭാഗത്തിൽ ചികിത്സ ലഭ്യമാക്കുന്നതിലൂടെയും താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിലൂടെയും പ്രൈമറി ഹെൽത്ത് സെന്ററിനെ മെച്ചപ്പെടുത്തുന്നതിലൂടെയും മെഡിക്കൽ കോളേജിലെ തിരക്ക് കുറയ്ക്കാൻ സാധിക്കും. പി.എം.എസ്.എസ്.വൈ സ്കീമിലുൾപ്പെടുത്തി 19 ആധുനിക ഓപ്പറേഷൻ തിയേറ്ററുകളോടുകൂടിയ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടുവർഷത്തിനുള്ളിൽ കോഴിക്കോട് മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതാണ്. ആരോഗ്യമേഖലയിലെ സമഗ്ര മാറ്റത്തിനായി താത്പര്യമുള്ള വിവിധ സാമൂഹ്യ സംഘടനകളുമായി ചർച്ച നടത്തി സുതാര്യമായ നിലയിൽ സഹായങ്ങൾ സ്വീകരിച്ചുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിനെ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

(2) <u>പ്രീ -പ്രൈമറി സ്കൂൾ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ കഠിനാദ്ധ്വാനത്തിന് ആനുപാതികമായി അംഗീകാരമോ ആനുകൂല്യമോ ലഭിക്കുന്നില്ല. ഇരുപത് വർഷത്തോളമായി ഈ രംഗത്ത് ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർക്കുപോലും ജോബ് സെക്യൂരിറ്റിയോ, സേവന-വേതന വ്യവസ്ഥകളോ പ്രസവാവധിയോ കിട്ടുന്നില്ല. സർക്കാർ സെക്ടറിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് ഇപ്പോൾ 9000 രൂപയും ആയമാർക്ക് 6500 രൂപയും ശമ്പളം കൊടുക്കുന്നുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് 600 രൂപ കൊടുക്കുന്നതിന് പുതിയ തീരുമാനമെടുത്ത സാഹചര്യത്തിൽ പ്രീ-പ്രൈമറി അദ്ധ്യാപകരുടെ ശമ്പളം 9000-ലും അതിനുതാഴെയും നിർത്തിയത് വളരെ ഖേദകരമാണ്. പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താനുള്ള സർക്കാരിന്റെ എല്ലാ നീക്കങ്ങൾക്കും പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും. വിദ്യാഭ്യാസത്തിന് പണം മാനദണ്ഡമാകാതിരിക്കുന്നതിനും കലാലയങ്ങളെ മതത്തിന്റെ പേരിൽ വേർതിരിക്കാതിരിക്കുന്നതിനും പൊതുവിദ്യാഭ്യാസ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിലേക്കുള്ള റിക്രൂട്ടിംഗ്

നടക്കുന്നത് സർക്കാർ/എയ്ഡഡ്/പ്രീ-പ്രൈമറി സെക്ടറുകളിൽ നിന്നാണ്. എയ്ഡഡ് മേഖലയിൽ സർക്കാർ ഇപ്പോൾ ഒരു ആനുകൂല്യവും കൊടുക്കുന്നില്ലെന്നുമാത്രമല്ല, മാനേജ്മെന്റും തദ്ദേശഭരണ സ്ഥാപനങ്ങളും അനുവദിക്കുന്ന ആനുകൂല്യം വളരെ നാമമാത്രവുമാണ്. ഗുണനിലവാരമുള്ള പ്രീ-പ്രൈമറി സ്കൂളുകളിൽ കുട്ടികൾക്ക് ഒന്നാം ക്ലാസ്സിൽ പ്രവേശനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് ഗവൺമെന്റ് മേഖലയിൽ പൊതുവിദ്യാഭ്യാസ മേഖല നിലനിർത്തുന്നതിനും പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥയുണ്ടാക്കുന്നതിനും ഈ മേഖലയിൽ ഒരു കരിക്കുലം രൂപീകരിക്കുന്നതിനും കുട്ടികൾക്ക് വിവിധ ഭാഷകൾ സ്വായത്തമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ഇതിലേയ്ക്കായി ഗവൺമെന്റ് ഫണ്ടും എം.എൽ.എ.ഫണ്ടും മറ്റും ഉപയോഗപ്പെടുത്താനുള്ള തീരുമാനം ഉണ്ടാകണം. പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് റീ-ഡിഫൈൻ ചെയ്യുന്നതിനും സർക്കാർ മേഖലയിൽ കിട്ടുന്നതുപോലുള്ള ആനുകൂല്യം എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): പൊതുവിദ്യാഭ്യാസ

മേഖലയെ സംരക്ഷിക്കുന്നതിനായി വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ളതും പി.ടി.എ. യുടെ നേതൃത്വത്തിലുമുള്ള പ്രീ-പ്രൈമറികളാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം തന്നെയാണ് പി.ടി.എ.യും അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്. ആവശ്യമായ സ്ഥലസൗകര്യവും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുകയും നടത്തിപ്പിനാവശ്യമായ ചെലവുകൾ വഹിക്കുകയും ചെയ്യണമെന്ന നിബന്ധനയോടുകൂടിയാണ് പി.ടി.എ.യ്ക്ക് പ്രീ-പ്രൈറി സ്കൂളുകൾക്കുള്ള ഫണ്ടുകൾ അനുവദിച്ചുവരുന്നത്. സർക്കാർ നേരിട്ട് നട<u>ത്തു</u>ന്ന പ്രീ-പ്രൈമറികൾക്കുള്ള അതേ ആനുകൂല്യം പി.ടി.എ. നിയന്ത്രണത്തിലുള്ള ഇത്തരം ജീവനക്കാർക്കും കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലുണ്ടായ വിധിയനുസരിച്ച് സർക്കാർ അദ്ധ്യാപകർക്ക് അനുശാസിക്കുന്ന നിശ്ചിത യോഗ്യതയും 1:30 എന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതവും പാലിച്ചുകൊണ്ട് അദ്ധ്യാപകർക്ക് അയ്യായിരം രൂപയും ആയമാർക്ക് 3500 രൂപയും അനുവദിച്ചിട്ടുണ്ട്. അദ്ധ്യാപകർ എസ്.എസ്.എൽ.സി.-ഉം അംഗീകൃത സ്ഥാപനങ്ങളിൽനിന്നുള്ള പി.പി.ടി.ടി.സി.-ഉം

പാസ്സായിരിക്കണമെന്നും ആയമാർ ഏഴാം ക്ലാസ് പാസ്സായിരിക്കണമെന്നും നിബന്ധന വച്ചിട്ടുണ്ടെങ്കിലും പി.ടി.എ. നിയമനം നൽകിയിട്ടുള്ള വലിയൊരു വിഭാഗം ജീവനക്കാർ നിർദ്ദിഷ്ട യോഗ്യത ഇല്ലാത്തവരാണെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ പി.എസ്.സി. മുഖേന നിശ്ചിത യോഗ്യതയുള്ളവരെയാണ് സർക്കാർ അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളത്. 24-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദിഷ്ട യോഗ്യത നേടാത്തവരിൽ 1-8-2012-ന് ഒരു വർഷത്തെ സർവ്വീസെങ്കിലും പൂർത്തിയായവർക്കുകൂടി വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിനും 18-7-2014-ൽ പുറപ്പെടുവിച്ച മറ്റൊരു ഉത്തരവ് പ്രകാരം 1-8-2012-ൽ ജോലി ചെയ്തിരുന്ന മുഴുവൻ ആളുകൾക്കും യോഗ്യതയും സർവ്വീസും പരിഗണിക്കാതെതന്നെ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിനും വ്യവസ്ഥയുണ്ടായി. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 1-8-2012 വരെയുള്ള എല്ലാ ജീവനക്കാർക്കും വർദ്ധിപ്പിച്ച ശമ്പളം കൊടുക്കണമെന്ന് തീരുമാനിക്കുകയും പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ഒമ്പതിനായിരം രൂപയും ആയമാർക്ക് ആറായിരം രൂപയും വീതം നൽകുകയുമുണ്ടായി. ഇത്തരം പ്രീ-പ്രൈമറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ടിൽനിന്നും ഫർണിച്ചർ, കളിക്കോപ്പ്, ബെഡ്, പായ, ബെഡ്ഷീറ്റ് തുടങ്ങിയവ

വാങ്ങുന്നതിലേയ്ക്കായും തുക അനുവദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണവും, വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസമെന്ന സങ്കൽപ്പത്തിന്റെ വികാസവും വരുന്നുവെന്നുള്ളതുകൊണ്ടുതന്നെ ഈ രംഗത്ത് കൂടുതൽ പഠനങ്ങൾ നടത്തുന്നതിനും സർക്കാർ സന്നദ്ധമാണ്. കേരളത്തിലെ പ്രൈമറി സ്കൂളുകളിലെ എല്ലാ അദ്ധ്യാപകർക്കും ടീച്ചേഴ്സ് ട്രെയിനിംഗ് എന്ന രീതിയിൽ മാസ്റ്റർ ട്രെയിനേഴ്സിലൂടെ ട്രെയിനിംഗ് ആരംഭിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസത്തിന്റെ സർവ്വതലങ്ങളും പ്രീ-പ്രൈമറിതലം മുതൽ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## III സബ്മിഷൻ

(1) മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ശ്രീ. പി. ഉബൈദുള്ള : മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയുംവേഗം പ്രവർത്തനമാരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 2014-ൽ പ്രോജക്ട് ആഫീസ്

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഇതിനുവേണ്ടി പണം ഉൾപ്പെടുത്തിയിരുന്നില്ല. പാണക്കാട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽനിന്നും റവന്യൂ വകുപ്പിന് സറണ്ടർ ചെയ്ത ഭൂമിയിൽനിന്ന് 25 ഏക്കർ ഭൂമി ഈ ആവശ്യത്തിനായി പതിച്ചുനൽകുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ പ്രോജക്ട് സമർപ്പിച്ചപ്പോൾ ഇത് വ്യവസായ വകുപ്പിന്റെ കീഴിൽ പരിഗണിക്കപ്പെടേണ്ടതല്ലെന്നും ആരോഗ്യ വകുപ്പിന്റെ കീഴിലാണ് നടപ്പിലാക്കേണ്ടതെന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം കാൻസർ സെന്റർ പ്രോജക്ടിനെ സംബന്ധിച്ച് തീരുമാനമെടുക്കണമെന്ന് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്.

(2) സ്ഥലം അനുവദിക്കൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പി.ഡബ്ല്യൂ.ഡി. വക ഭൂമിയിൽ പാട്ടവ്യവസ്ഥയിൽ പ്രവർത്തിക്കുന്ന കേരള സാഹിത്യ അക്കാദമിക്ക് പ്രസ്തുത ഭൂമി സ്വന്തമായി നൽകുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരള സാഹിത്യ അക്കാദമി തൃശ്ശൂർ ജില്ലയിൽ ചെമ്പുക്കാവ് ദേശത്ത് പൊതുമരാമത്ത് വകുപ്പിൽനിന്ന് പാട്ടവ്യവസ്ഥയിൽ അനുവദിച്ച ഭൂമിയിലാണ് പ്രവർത്തിക്കുന്നത്. അക്കാദമിയുടെ പ്രധാന കെട്ടിടം കൂടാതെ പുസ്തകശാല, പോർട്രെയ്റ്റ് ഗ്യാലറി, ചങ്ങമ്പുഴ മന്ദിരം, സുവർണ്ണജൂബിലി സ്മാരക മന്ദിരം എന്നിവ ഈ കോമ്പൗണ്ടിലാണ് സ്ഥിതിചെയ്യുന്നത്. സാഹിത്യ അക്കാദമി നിലവിൽ പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടവും സ്ഥലവും സാംസ്കാരിക വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചുവരികയാണ്.

(3) അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

ശ്രീ. അടൂർ പ്രകാശ്: ട്രാവൻകൂർ ടീ കമ്പനി പെരുവന്താനത്ത് അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ബ്രിട്ടീഷ് പൗരന്മാരും കമ്പനികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനായി ശ്രീ. എം. വി. രാജമാണിക്യം ഐ.എ.എസ്-നെ സ്റ്റേറ്റ്

സ്പെഷ്യൽ ഓഫീസറായി നിയമിച്ച് പരിശോധന നടത്തിയതിൽ മെസ്സേഴ്സ് മലയാളം പ്ലാന്റേഷൻ യു.കെ. ലിമിറ്റഡ് എന്ന വിദേശ കമ്പനിയും ട്രാവൻകൂർ റബ്ബർ & ടീ കമ്പനിയും അനുബന്ധ കമ്പനികളും അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുകയാണെന്ന കണ്ടെത്തലിനെത്തുടർന്ന് 38170.92 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവിനെതിരായി കമ്പനികൾ ഫയൽ ചെയ്ത കേസിന്മേൽ തൽസ്ഥിതി തുടരാനും വിശദമായ വാദം കേൾക്കുന്നതിനായി ഡിവിഷൻ ബഞ്ചിന് റഫർ ചെയ്യാനും ഉത്തരവായിട്ടുള്ളതാണ്. ട്രാവൻകൂർ റബ്ബർ & ടീ കമ്പനിക്കും അനുബന്ധ കമ്പനികൾക്കുമെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറുടെ അനുമതിയില്ലാതെ മരം മുറിക്കുന്നതും ഭൂമി കൈമാറുന്നതും റവന്യൂ രേഖകൾ നൽകുന്നതും തടഞ്ഞുകൊണ്ട് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ നൽകിയ ഉത്തരവിനെതിരെ പ്രസ്തുത കമ്പനികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേലും തൽസ്ഥിതി തുടരുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കമ്പനികൾക്ക് ഭൂമിയിലുള്ള അവകാശത്തെ സാധൂകരിക്കുന്നതിനുള്ള അസൽ രേഖകളുമായി നേരിൽ ഹാജരാകാൻ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ അയച്ച ഹിയറിംഗ് നോട്ടീസിനെതിരെ കമ്പനികൾ ഹൈക്കോടതിയെ സമീപിക്കുകയും ഹിയറിംഗ് നടപടികൾ ഒരു മാസത്തേയ്ക്ക് സ്റ്റേ

ചെയ്തുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച വിശദമായ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരികയാണ്.

(4) കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി

ശ്രീ. ഇ. കെ. വിജയൻ: രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പത്ത് ഘടകങ്ങളുള്ള കുന്നമ്മൽ കുടിവെള്ള പദ്ധതിയുടെ എട്ട് ഘടകങ്ങൾ പൂർത്തീകരിച്ചു. റാ വാട്ടർ പമ്പിംഗ് ഹൗസിലേയ്ക്കുള്ള പവർ കണക്ഷനും ബാക്കിയുള്ള 800 മീറ്റർ വരുന്ന പ്രധാന ശുദ്ധജല ഗ്രാവിറ്റി മെയിൻ പൈപ്പ് ലൈനും സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിക്കണമെങ്കിൽ പി.ഡബ്ല്യു.ഡി./പഞ്ചായത്ത് റോഡുകൾ മുറിച്ചുകടക്കുന്നതിന് ബന്ധപ്പെട്ട വകുപ്പധികൃതരുടെ അനുമതി ആവശ്യമാണ്. കുന്നമ്മൽ പഞ്ചായത്തിൽ പുതുതായി മെറ്റൽ ചെയ്ത ഒലിപ്പിൽ പീടിക റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നാട്ടുകാരുടെ എതിർപ്പുണ്ടെന്ന് റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. കുറ്റ്യാടി പമ്പ് ഹൗസിൽ പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രയൽ റൺ നടത്തി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാനും ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ ദ്രുതഗതിയിൽ പരിഹരിച്ച് അടുത്ത വർഷം മാർച്ച് മാസത്തോടുകൂടി പൂർണ്ണമായി കമ്മീഷൻ ചെയ്യാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(5) <u>ചീക്കോട് കുടിവെള്ള പദ്ധതി</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ഭാഗികമായി കമ്മീഷൻ ചെയ്ത ചീക്കോട് കുടിവെള്ള പദ്ധതിക്ക് ആവശ്യമായ ഗ്രാന്റ് അനുവദിക്കുന്നതിനും സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): കൊണ്ടോട്ടി മണ്ഡലത്തിലെ ചീക്കോട്, മുതുവല്ലൂർ, പുളിക്കൽ, വാഴയൂർ, ചെറുകാവ്, കുഴിമണ്ണ, വാഴക്കാട് പഞ്ചായത്തുകളും കൊണ്ടോട്ടി മുനിസിപ്പാലിറ്റിയും ഉൾപ്പെട്ടിട്ടുള്ള ചീക്കോട് ജലവിതരണ പദ്ധതി 2016 മാർച്ചിൽ ഭാഗികമായി കമ്മീഷൻ ചെയ്യുകയും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫീസിബിളായ ലൈനുകളിൽ നിന്നും കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിന്റെ

ഭാഗമായി പി.ഡബ്ല്യു.ഡി./മുനിസിപ്പാലിറ്റി/പഞ്ചായത്തുകളുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വിതരണ ശൃംഖലയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അനുവാദം ലഭിക്കാൻ പി.ഡബ്ല്യു.ഡി. അധികൃതർക്ക് യഥാസമയം തുക അനുവദിക്കുന്നതോടൊപ്പം ഭരണാനുമതി പ്രകാരം റോഡ് റെസ്റ്റൊറേഷൻ ഇനത്തിൽ മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പൈപ്പ്ലൈൻ സ്ഥാപിക്കാൻ അവശേഷിക്കുന്ന സ്ഥലങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി ആയതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്.

## (6) കൊച്ചിൻ ട്രാംവെ റെയിൽ മ്യൂസിയം

ശ്രീ. ബി. ഡി. ദേവസ്സി: കൊച്ചിൻ ട്രാംവെ റെയിൽ മ്യൂസിയം ചാലക്കുടിയിൽ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ചാലക്കുടിയിൽ ട്രാംവെ മ്യൂസിയം സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി മ്യൂസിയം സജ്ജീകരിക്കുന്നതിനനുയോജ്യമായ സ്ഥലം, മ്യൂസിയത്തിൽ പ്രദർശിപ്പിക്കേണ്ട വസ്തുക്കളുടെ ലഭ്യത, ആവശ്യമായ മനുഷ്യ

വിഭവശേഷി എന്നിവ സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ട്രാംവെയുടെ അവശിഷ്ടങ്ങൾ കാടിനുള്ളിലായതിനാൽ ഇക്കാര്യത്തിൽ വനം-റവന്യൂ വകുപ്പുകളുടെ സഹായ സഹകരണം ആവശ്യമാണ്.

(7) തസ്തിക സൃഷ്ടിക്കൽ

ശ്രീ. എ. എം. ആരിഫ്: തുറവൂർ താലൂക്കാശുപത്രിയിലെ ഡയാലിസിസ് ചികിത്സാ കേന്ദ്രത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പരിശീലനം നൽകുന്നതിനും പുതിയതായി ആരംഭിക്കാൻ പോകുന്ന ഡയാലിസിസ് കേന്ദ്രങ്ങളുടെ ലിസ്റ്റിൽ പ്രസ്തുത ആശുപത്രിയെക്കൂടി ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): തുറവൂർ താലൂക്കാശുപത്രിയിൽ ഒരു സാംസ്കാരിക സ്ഥാപനത്തിന്റെ വകയായി സൗജന്യമായി സ്ഥാപിച്ചുനൽകിയ 5 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് എച്ച്.എം.സി. തീരുമാനമെടുക്കുകയും എച്ച്.എം.സി.-യുടെ ഫണ്ടിൽ നിന്ന് വേതനം നൽകി ടെക്നീഷ്യന്മാരെ നിശ്ചയിക്കുകയുമാണ് ചെയ്തത്. ട്രെയിനിംഗ് നേടിയ മെഡിക്കൽ ഓഫീസർ ഈ യൂണിറ്റിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചുവരുന്നു. തുറവൂർ

താലൂക്കാശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയിൽ ഒരു ഡോക്ടറെയും 4 ക്യാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെയും അനുവദിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തുറവൂർ താലൂക്ക് ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും ശ്രമിക്കുകയാണ്. താലൂക്കാശുപത്രികൾക്ക് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് പുതിയതായി സൃഷ്ടിക്കുന്ന തസ്തികകളുംകൂടി തുറവൂർ താലൂക്കാശുപത്രിക്ക് ലഭ്യമാക്കുന്നതാണ്.

(8) ആംബുലൻസിന്റെ പ്രവർത്തനം

ശ്രീ. കെ. മുരളീധരൻ: നിലവിലുള്ള 108 ആംബുലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മറ്റ് ജില്ലകളിൽക്കൂടി ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹെൽത്ത് മിഷനുകീഴിൽ കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിന്റെ (KEMP) ഭാഗമായി

തിരുവനന്തപുരം ജില്ലയിൽ 2010-ൽ പ്രവർത്തനം ആരംഭിച്ച 108 ആംബുലൻസിന്റെ നടത്തിപ്പവകാശം ആദ്യം ചികിത്സാ ഹെൽത്ത് കെയർ എന്ന കമ്പനിക്കാണ് നൽകിയിരുന്നത്. 2012-ൽ ഈ പ്രോജക്ടിന്റെ പ്രവർത്തനം ആലപ്പുഴ ജില്ലയിലേയ്ക്കും വ്യാപിപ്പിക്കുകയുണ്ടായി. 2014-ൽ പ്രസ്തുത കമ്പനിയുടെ കരാർ കാലാവധി അവസാനിച്ചതിനെത്തുടർന്ന് വീണ്ടും ടെണ്ടർ വിളിക്കുകയും ജി.വി.കെ.ഇ.എം.ആർ.ഐ. എന്ന കമ്പനി ഈ പ്രോജക്ടിന്റെ പ്രവർത്തനം ഏറ്റെടുക്കുകയുമുണ്ടായി. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി ടെണ്ടർ വിളിച്ചപ്പോൾ അന്നത്തെ ഓപ്പറേറ്റിംഗ് ഏജൻസി ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ചു. എന്നാൽ സെക്രട്ടറിമാരുടെ കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരമുള്ള കുറഞ്ഞ നിരക്കിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ 108 ആംബുലൻസിന്റെ പ്രവർത്തനം മുന്നോട്ടുപോകാൻ സാധ്യമല്ലെന്ന് കമ്പനി അറിയിച്ചതിനെത്തുടർന്ന് ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് 108 ആംബുലൻസിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാവുന്നതാണെന്ന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അഭിപ്രായപ്പെടുകയുണ്ടായി. ആറ് വർഷത്തോളം പഴക്കമുള്ളതും ശരാശരി രണ്ടര ലക്ഷം കിലോമീറ്റർ സഞ്ചരിച്ചതുമായ വാഹനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി ഒരു

ഓപ്പറേറ്റിംഗ് ഏജൻസിയെ ലഭിക്കാൻ ബുദ്ധിമുട്ടായതിനാൽ വാഹനങ്ങൾ ജി.വി.കെ.ഇ.എം.ആർ.ഐ-ൽ നിന്നും ഏറ്റെടുത്ത് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുമായി ചേർന്ന് പ്രവർത്തിപ്പിക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറി. തിരുവനന്തപുരം ജില്ലയിൽ നിലവിൽ 11 വാഹനങ്ങൾ സർവ്വീസ് നടത്തുകയും 14 വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റിനുള്ള അറ്റകുറ്റപ്പണികൾ നടന്നുവരികയുമാണ്. ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന 18 വാഹനങ്ങളിൽ 16 എണ്ണവും അറ്റകുറ്റപ്പണികൾ തീർത്ത് ഫിറ്റ്നസ് പൂർത്തിയാക്കി സർവ്വീസ് നടത്തുന്നുണ്ട്. രണ്ട് വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റിനായുള്ള അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. 108 ആംബുലൻസ് പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനച്ചെലവുകൾ സംബന്ധിച്ച പ്രൊപ്പോസലിലെ നിരക്കുകൾ പുനഃപരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഒരു സമ്പൂർണ്ണ ട്രോമാകെയർ സിസ്റ്റം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ ആംബുലൻസുകൾ വാങ്ങുന്നതിനും പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ട്.

(9) <u>സർവ്വെ നടപടികളും പദ്ധതിരേഖയും പൂർത്തിയാക്കൽ</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സുൽത്താൻബത്തേരി-നഞ്ചൻകോട് റെയിൽപാതയുടെ സർവ്വെ നടപടികളും പദ്ധതിരേഖയും പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ)</u>: കേരളാ ഗവൺമെന്റും കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി കേരള അടിസ്ഥാന റെയിൽ വികസനത്തിനായി ഒപ്പുവച്ചിട്ടുള്ള എഗ്രിമെന്റിൽ നിലമ്പൂർ-സുൽത്താൻ ബത്തേരി - നഞ്ചൻകോട് പാതയ്ക്ക് മുൻഗണനയുണ്ട്. അന്തിമ പദ്ധതി തയ്യാറാക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെലവിനായി 8 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തുവെങ്കിലും സർവ്വീസ് ടാക്സും മൊബിലൈസേഷൻ ചാർജ്ജുമായി ഡി.എം.ആർ.സി. ആവശ്യപ്പെട്ട തുക ഉയർന്ന നിരക്കിലുള്ളതാണെന്ന് കണ്ടെത്തിയതിനാൽ അവരുമായി നെഗോഷ്യേഷൻ നടത്തിയശേഷം ഫയൽ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടുപോകും.

(10) <u>ബൈപ്പാസ് നിർമ്മാണം</u>

<u>ശ്രീ. ആർ. രാജേഷ്</u>: മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം

ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മാവേലിക്കര-കണ്ടിയൂർ ബൈപ്പാസിന്റെ ഒന്നാംഘട്ട നിർമ്മാണത്തിനായി ഭരണാനുമതിയും പ്രത്യേകാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിനാൽ ടെൻഡർ ചെയ്തുവെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്ന് പ്രതികരണമുണ്ടായില്ല. ബൈപ്പാസ് കടന്നുപോകേണ്ട പുഞ്ചയിൽ മണ്ണ് നിറയ്ക്കുന്നതിന് എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക കുറവായതുകൊണ്ട് കരാറുകാർ ആരും മുന്നോട്ടുവരുന്നില്ല. തുടർന്ന് ആലപ്പുഴ ജില്ലയ്ക്കായുള്ള പ്രത്യേക കൺവേയൻസിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയെങ്കിലും റേറ്റ് തീരുമാനമാകാതെ നിൽക്കുകയാണ്. റേറ്റ് തീരുമാനമായാലുടൻ പണി ആരംഭിക്കുന്നതാണ്.

## IV പ്രത്യേക പരാമർശം

### എം.എൽ.എ. ഫണ്ട് ലഭ്യമാകുന്നതിന് കാലതാമസം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കൊല്ലം ജില്ലയിൽ എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നിർദ്ദേശം നൽകണം.

<u>മി. സ്പീക്കർ</u>: അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII വ്യക്തിപരമായ വിശദീകരണം

(1) <u>തെറ്റിദ്ധാരണാജനകമായ റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച്</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: കഴിഞ്ഞ ദിവസം തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട ഒരു ആരോപണത്തിന് മറുപടിയായി നിയമസഭയിൽ വച്ചത്

ഗവൺമെന്റ് ഓർഡർ അല്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 22-07-2016-ലെ സർക്കാർ ഉത്തരവാണ് നിയമസഭയിൽ വച്ചത്. അത് എല്ലാവർക്കും പരിശോധിക്കാവുന്നതാണ്. 118 രൂപയ്ക്ക് വാങ്ങാമായിരുന്ന തോട്ടണ്ടിയുടെ ടെണ്ടർ നിരസിച്ചുകൊണ്ട് 124.50-രൂപയ്ക്ക് വാങ്ങി എന്നതാണ് എന്റെ ആരോപണം. ഈ വിഷയം അവതരിപ്പിച്ചപ്പോഴോ ഇവിടെ നടന്ന ചർച്ചകളിലോ മന്ത്രിയെ അപമാനിക്കുന്ന തരത്തിലോ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലോ ഉള്ള ആരോപണമോ ആക്ഷേപമോ ഉന്നയിക്കുകയുണ്ടായില്ല. സഭയിലുള്ള എന്റെ അവകാശം ഉപയോഗപ്പെടുത്തുക മാത്രമാണ് ചെയ്തത്.

## (2) <u>സത്യവിരുദ്ധവും അടിസ്ഥാനരഹിതവുമായ പരാമർശം</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: 27.10.2016-ന് ശ്രീ. ജെയിംസ് മാത്യു ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ ഞാൻ 25.10.2016-ന് ഡിമാന്റ് ഡിസ്കഷനിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ പറഞ്ഞ ചില പരാമർശങ്ങൾ അടിസ്ഥാനവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് പറയുകയുണ്ടായി. പട്ടികജാതി വികസന

വകുപ്പ് 85 കോടി രൂപ ഗ്രാമവികസന വകുപ്പിന് അനുവദിച്ച 31.3.2015-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ പരാമർശം നടത്തിയത്. ആയതിനാൽ അദ്ദേഹം നടത്തിയ പരാമർശം ശരിയല്ല.

## VIII ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ. കെ. വി. വിജയദാസ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആശാവഹമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഭൂപരിഷ്കരണം, വിദ്യാഭ്യാസം, വനം, കാർഷിക കടാശ്വാസം തുടങ്ങിയ നിയമങ്ങൾ നടപ്പിലാക്കിയത് ഇടതുപക്ഷ ഗവൺമെന്റാണ്. അഴിമതിയും ദുർഭരണവും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയിരുന്ന മുൻ യു.ഡി.എഫ്. സർക്കാർ കേന്ദ്ര പദ്ധതികൾ വാങ്ങിയെടുക്കാനോ പദ്ധതി വിഹിതം യഥാസമയം ചെലവഴിക്കാനോ

ശ്രമിച്ചില്ല. കരാറുകാർക്ക് നൽകാനുള്ള തുകയും സാമൂഹ്യക്ഷേമ പെൻഷനുകളും കുടിശ്ശികയാക്കുകയും വൻതോതിൽ വായ്പയെടുത്ത് സംസ്ഥാനത്തെ സാമ്പത്തിക തകർച്ചയിലെത്തിക്കുകയും ചെയ്തുകൊണ്ടാണ് യു.ഡി.എഫ്. സർക്കാർ ഭരണമൊഴിഞ്ഞത്. സമ്പൂർണ്ണ പാർപ്പിടം, ഹരിതകേരളം, ജനസൗഹൃദ സർക്കാർ ആശുപത്രികൾ, പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തൽ തുടങ്ങി വിവിധ ജനക്ഷേമ പദ്ധതികളുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. ആദ്യത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജനരഹിത സംസ്ഥാനമെന്ന ബഹുമതി ഈ സർക്കാരിന്റെ നേട്ടമാണ്. സ്വാശ്രയപ്രശ്നം മികച്ച രീതിയിൽ കൈകാര്യം ചെയ്ത സർക്കാരിനെതിരെ പ്രതിപക്ഷം നടത്തിയ സമരം അപഹാസ്യമായി അവസാനിച്ചു. സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉയർത്തിക്കൊണ്ടുവരാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമങ്ങൾ നിരന്തരം പരാജയപ്പെടുകയാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും നിരാശപ്പെടുത്തുന്ന ഭരണമാണ് ഈ സർക്കാർ കാഴ്ചവയ്ക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ബന്ധുനിയമനങ്ങളും ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള ചേരിപ്പോരും അഭിഭാഷക-

മാധ്യമപ്രവർത്തക തർക്കങ്ങളും നിരന്തരമായ രാഷ്ട്രീയകൊലപാതകങ്ങളും റേഷൻ വിതരണത്തിലെ പാളിച്ചകളും സർക്കാരിന്റെ ശോഭ കെടുത്തിയിരിക്കുകയാണ്. സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾ അടച്ചുപൂട്ടുകയാണ്. അടച്ചുപൂട്ടിയ നാല് എയ്ഡഡ് സ്കൂളുകൾ ഏറ്റെടുക്കുമെന്ന പ്രഖ്യാപനമല്ലാതെ നടപടികൾ ഫലപ്രാപ്തിയിലെത്തിക്കാനുള്ള ശ്രമമുണ്ടാകുന്നില്ല. സ്വാശ്രയ പ്രശ്നത്തിൽ വിദ്യാർത്ഥികളുടെ താല്പര്യങ്ങളെ നിരാശപ്പെടുത്തുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. മുൻ സർക്കാർ അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലെ തസ്തികകൾക്ക് ഈ സർക്കാർ അംഗീകാരം നൽകാത്തത് വിദ്യാർത്ഥികളെ പ്രയാസത്തിലാക്കിയിരിക്കുകയാണ്. പാഠ്യപദ്ധതി അട്ടിമറിക്കാനുള്ള നീക്കത്തിൽ നിന്നും പിൻമാറുന്നതിനും അദ്ധ്യാപകർക്ക് ശമ്പളം കൃത്യമായി നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തികരംഗത്ത് അരാജകത്വം സൃഷ്ടിക്കപ്പെട്ടിരുന്ന നാളുകളിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. കുടിശ്ശികയായിരുന്ന ക്ഷേമ പെൻഷനുകൾ ഓണം-ബക്രീദ് വേളകളിൽ അഡ്വാൻസായി വീടുകളിലെത്തിക്കുന്നതിന് ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ജനപക്ഷ നിലപാടുകളുമായാണ് ഗവൺമെന്റ്

മുന്നോട്ടുനീങ്ങുന്നത്. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും ഗവൺമെന്റ് സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും സഹായകരമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. കാർഷിക സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് മുന്നോടിയായി കുറ്റമറ്റ രീതിയിൽ പ്രയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ് : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അലോക്കേഷൻ പ്രഖ്യാപിച്ചപ്പോൾ കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തപ്പെട്ടിരുന്ന പല സ്ഥാപനങ്ങളും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ തയ്യാറാകണം. മുൻ ബഡ്ജറ്റിൽ ക്ഷീര കർഷക പെൻഷൻ 750 രൂപയാക്കി ഉയർത്തിയിരുന്നുവെങ്കിലും സപ്ലിമെന്ററി ഡിമാന്റിൽ അതിനാവശ്യമായ തുക വകയിരുത്തിയിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്തെ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ പരിശോധിക്കാൻ നിയോഗിച്ച സബ് കമ്മിറ്റിക്ക് ഇതുവരെ പരിശോധന പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അന്ധമായ കോൺഗ്രസ് വിരോധം ഉപേക്ഷിക്കാൻ ഇടതുപക്ഷം തയ്യാറാകണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ടുവന്ന കിഫ്ബിയെ പിന്തുണയ്ക്കാൻ പ്രതിപക്ഷം തയ്യാറാകണം. പെൻഷൻ കുടിശ്ശിക നൽകിയത് ഗവൺമെന്റിന് പാവപ്പെട്ടവരോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു. തരിശുഭൂമിയിൽ കൃഷിയിറക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ട്രഷറി നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മാതൃഭാഷ ഔദ്യോഗികഭാഷയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനും പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയം തുടങ്ങുന്നത് നിരുത്സാഹപ്പെടുത്തുന്നതിനുമുള്ള നിലപാട് സ്വീകരിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: കർഷകരെ സംരക്ഷിക്കുന്നതിനാവശ്യമായ നിയമവും നയവുമുണ്ടാകണം. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് അനർഹരെ ഒഴിവാക്കി അർഹരായ ആളുകളെമാത്രം ഉൾപ്പെടുത്തി മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള ശ്രമം ശ്ലാഘനീയമാണ്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഒരേക്കറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്കും ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക നിയമം കൊണ്ടുവരണം. ഭാഗാധാര രജിസ്ട്രേഷൻ ഫീസിൽ കുറവ് വരുത്തിയ നടപടി

അഭിനന്ദനാർഹമാണ്. കർഷക പെൻഷൻ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കണം. ഏലം കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാരുണ്യ ബെനവലന്റ് സ്കീം പുനരാരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. വരൾച്ച അഭിമുഖീകരിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തണം.

ശ്രീ. സി. കെ. നാണു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 44 നദികളാൽ സമ്പന്നമായിരുന്ന സംസ്ഥാനം ഇന്ന് ഗുരുതരമായ ജലദൗർലഭ്യം നേരിടുകയാണ്. സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ അളവ് അപകടകരമാംവിധം താഴ്ന്നിരിക്കുകയാണ്. നദികളിലെ നീരൊഴുക്ക് വർദ്ധിക്കുന്നതിനായി സ്വാഭാവിക വനങ്ങളെ സംരക്ഷിക്കുകയും വനനശീകരണത്തിനെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും വേണം. അന്തർസംസ്ഥാന നദീജല കരാറുകൾ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ശ്രീ. എം. സ്വരാജ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുകയും റവന്യൂ ചെലവ് വൻതോതിൽ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. നികുതി പിരിവ്

ഊർജ്ജിതമാക്കുന്നതിൽ മുൻ ഗവൺമെന്റിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വേണ്ടത്ര വളർച്ച കൈവരിച്ചിട്ടില്ല. ലാഭത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കടക്കെണിയിലായി.

ശ്രീ. ജി. എസ്. ജയലാൽ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം മുൻനിർത്തിക്കൊണ്ടുള്ള വികസന കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്. കിഫ്ബിയെ ശക്തിപ്പെടുത്തുന്നതോടൊപ്പം ജനങ്ങൾക്ക് ആശ്വാസ പദ്ധതി പ്രഖ്യാപിക്കുകയും ജനങ്ങളിൽ നിന്ന് സമാഹരിക്കുന്ന നികുതി പാവപ്പെട്ടവർക്ക് പ്രയോജനകരമാകുന്ന വിധത്തിൽ ഉപയോഗിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കണം. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം അവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം. പൊതുജനാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കശുവണ്ടി മേഖലയെ ശാക്തീകരിക്കുന്നതിനും വേണ്ടിയുള്ള നിരവധി പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ്

നടപ്പിലാക്കിയിട്ടുള്ളത്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കാനും ആവശ്യമായ ഫണ്ട് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പുതുതായി സ്ഥാപനങ്ങൾ അനുവദിക്കുകയോ നിയമനങ്ങൾ നടത്തുകയോ ചെയ്യില്ലെന്ന പ്രഖ്യാപനത്തിലൂടെ അപ്രഖ്യാപിത നിയമന നിരോധനമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ മേഖലയടക്കമുള്ള സമസ്ത മേഖലകളെയും തകർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും അദ്ധ്യാപകരെ നിയമിക്കുന്നതിനും അനുവദിച്ച കോഴ്സുകൾക്ക് അംഗീകാരം കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം. പാഠപുസ്തകങ്ങൾ കൃത്യസമയത്ത് വിതരണം ചെയ്യുമെന്നും വിദ്യാഭ്യാസ മേഖലയിൽ നൂതന പാഠ്യപദ്ധതി ആവിഷ്കരിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കാതെ വികലമായ നയങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഏരിയ ഇന്റൻസീവ് പ്രോഗ്രാം മുഖേന സംസ്ഥാനത്ത് ആരംഭിച്ച 42 സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണം. പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിനും സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനും നടപടിയുണ്ടാകണം. അക്രമരാഷ്ട്രീയം അവസാനിപ്പിക്കാൻ സി. പി. എം. തയ്യാറാകണം.

ശ്രീ. ആർ. രാജേഷ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഉത്തരവാദിത്വത്തോടെ ഏറ്റെടുത്ത് സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന നിലയിൽ നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ വരുമാനത്തിലും വിഭവ സമാഹരണത്തിലും കുറവ് വരുത്തുകയും പൊതുകടം വർദ്ധിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലടക്കം അനുവദിച്ച ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം. ചെക്ക്പോസ്റ്റുകൾ അഴിമതി വിമുക്തമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പൊതുവിഭവങ്ങൾ വിനിയോഗിക്കുന്നതിൽ സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. കിഫ്ബിയിലൂടെ അധിക ധനസമാഹരണം കണ്ടെത്തിക്കൊണ്ടുള്ള അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ടും ഒ.ഡി.എഫ് (ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ) സംസ്ഥാനമായി കേരളത്തെ മാറ്റാനുമുള്ള

പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻഗണന കൊടുക്കുന്നത്. പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനും സർക്കാർ സ്വീകരിച്ച സമീപനം സ്വാഗതാർഹമാണ്. വർഗ്ഗീയതയോട് സന്ധിചെയ്യുന്ന സമീപനമാണ് കോൺഗ്രസ് സ്വീകരിച്ചുവരുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജനക്ഷേമകരമായ നിരവധി പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ വിവിധ പദ്ധതികൾക്കുള്ള ടോക്കൺ പ്രൊവിഷനാണ് ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വീടില്ലാത്തവർക്ക് വീട് നൽകുന്നതിനായുള്ള മാതൃകാപരമായ നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. സമ്പൂർണ്ണ ശുചിമുറിയുള്ള സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള കാമ്പയിൻ നവംബർ 1-ന് ആരംഭിക്കാൻ പോകുകയാണ്. വിലക്കയറ്റം പിടിച്ചുനിർത്താനുള്ള ശക്തമായ ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചു. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്താനോ കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ റെയിൽ തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാക്കാനോ റബ്ബർ മേഖലയെ സംരക്ഷിക്കാനോ മുൻഗവൺമെന്റ്

യാതൊരു നടപടിയും സ്വീകരിച്ചില്ല. മലയോര മേഖലയിലെ ജനങ്ങളെ ബാധിക്കുന്ന കസ്തൂരിരംഗൻ റിപ്പോർട്ടിനെ സ്വാഗതം ചെയ്യുന്ന സമീപനമാണ് മുൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിലും വീഴ്ചവരുത്തി. അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും സത്യസന്ധരായ ഉദ്യോഗസ്ഥരെ നിയോഗിച്ച് അഴിമതി കേസ്സുകൾ അന്വേഷിപ്പിക്കാനും സർക്കാർ തയ്യാറാകണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളോട് നിഷേധാത്മക സമീപനമല്ല പ്രതിപക്ഷം സ്വീകരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ അവസാന ഘട്ടത്തിലെടുത്ത തീരുമാനങ്ങൾ പരിശോധിക്കുന്നതിനായി നിയോഗിച്ച ഉപസമിതി തീരുമാനമെടുക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കണം. മാനസിക വൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന്റെ ഭാഗമായി എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിനും അവർക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനും പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനാർത്ഥം കോളേജുകൾ ആരംഭിക്കാനുമുള്ള യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനം നടപ്പിലാക്കണം. അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുള്ള

തർക്കം അവസാനിപ്പിക്കാൻ മുൻകയ്യെടുക്കണം. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മെറിറ്റ് സീറ്റുകളിലെ ഫീസ് വർദ്ധിപ്പിച്ച നിലപാട് അപലപനീയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയും കാരുണ്യ ബെനവലന്റ് പദ്ധതിയും തുടർന്നും നടപ്പിലാക്കണം. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു. അക്രമരാഷ്ട്രീയത്തെ എതിർക്കുന്ന നിലപാടാണ് യു.ഡി.എഫ് എക്കാലത്തും സ്വീകരിച്ചിട്ടുള്ളത്. മുഖ്യമന്ത്രി ഇടപെട്ട് കണ്ണൂരിൽ സമാധാന ചർച്ച നടത്തി പ്രശ്നം പരിഹരിക്കാൻ മുൻകയ്യെടുക്കണം. കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, കൊച്ചി മെട്രോ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കണം. കേന്ദ്രത്തിൽനിന്നും നിയമാനുസരണം 10 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ലഭിച്ചിരുന്നത് 14.25 ലക്ഷം മെട്രിക് ടൺ ആക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. അതിനുപുറമെ ആവശ്യാനുസരണം അഡ്ഹോക്ക് അലോട്ട്മെന്റും ലഭിച്ചിരുന്നു. കേരളത്തിനാവശ്യമായ ഭക്ഷ്യധാന്യം ലഭിക്കുന്നതിന്

കേന്ദ്രത്തോട് ഒറ്റക്കെട്ടായി ആവശ്യപ്പെടണം. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം തടയണം. വിഭാഗീയത വളർത്താൻ കേന്ദ്ര ഗവൺമെന്റും ബി.ജെ.പി.യും നടത്തുന്ന ശ്രമങ്ങൾക്കെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി പോരാടണം. ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ നടപ്പ് ധനകാര്യവർഷത്തിലുള്ള അധിക ചെലവുകളും ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പുതിയ കാര്യങ്ങളുമാണ് ഉൾപ്പെടുത്തുന്നത്. പുതിയ കാര്യങ്ങൾക്കുള്ള അക്കൗണ്ട്സ് ഹെഡ്സ് സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽവച്ച് പാസ്സാക്കിയാൽ മാത്രമേ അഡീഷണൽ ആതറൈസേഷൻ കൊടുത്ത് ബഡ്ജറ്റിൽ നിന്നും പണം ചെലവഴിക്കാൻ സാധിക്കൂ. എന്നാൽ ഇത് പാസ്സാകുന്നതോടുകൂടി ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള മുഴുവൻ പുതിയ കാര്യങ്ങൾക്കും ബഡ്ജറ്റ് ഹെഡ്സുണ്ടാകും. പറഞ്ഞ കാര്യങ്ങളെല്ലാം നടപ്പാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. വിശദമായ ഡി.പി.ആർ. തയ്യാറാക്കി 4000 കോടി രൂപയുടെ പദ്ധതികൾക്കുള്ള അംഗീകാരം കിഫ്ബി നിയമം വഴി നേടിയെടുക്കുന്നതാണ്. ഈ നിയമം പ്രാബല്യത്തിൽ

വരുന്നതോടുകൂടി വലിയൊരു മാറ്റമാണ് സംസ്ഥാനത്ത് വരാൻ പോകുന്നത്. ഈ ഗവൺമെന്റ് വിവിധ ക്ഷേമപെൻഷനുകൾ ആയിരം രൂപയാക്കി വർദ്ധിപ്പിക്കുകയും 'എല്ലാവർക്കും വീട് ' എന്ന പദ്ധതിക്ക് ലക്ഷ്യമിടുകയും വരൾച്ച നേരിടുന്നതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുകയും ജലസംരക്ഷണ ക്യാംപെയിനുകൾ സംഘടിപ്പിക്കുകയും സാനിറ്റേഷൻ, ജൈവ പച്ചക്കറി, ആശുപത്രി, സ്കൂൾ നവീകരണം തുടങ്ങിയവയ്ക്ക് ലക്ഷ്യമിടുകയും ചെയ്യുന്നു. നാല് മണ്ഡലങ്ങളിലെ സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ കമ്പ്യൂട്ടറുകൾ നൽകുകയാണ്. വിവിധ രീതിയിൽ പെൻഷൻ ദുരുപയോഗം ചെയ്യുന്നത് തടയാനും കേരളത്തെ സമ്പൂർണ്ണ പെൻഷൻ സംസ്ഥാനമാക്കി മാറ്റാനുമുള്ള ശ്രമം നടത്തും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക പെൻഷനുവേണ്ടി 130 കോടി രൂപ കൊടുത്തിട്ടുണ്ട്. കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക സ്കീം നടപ്പിലാക്കുന്നതാണ്. ക്ഷീര കർഷക പെൻഷനുൾപ്പെടെയുള്ള ക്ഷേമപെൻഷനുകളെല്ലാം 1000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി തുടർന്നുകൊണ്ടിരിക്കുകയാണ്. ആർ.എസ്.ബി.വൈ. പദ്ധതിക്ക് പണമടയ്ക്കുന്ന മുഴുവൻ ആളുകൾക്കും കാരുണ്യ ബെനവലന്റ് സ്കീമിന്റെ പ്രയോജനം ലഭിക്കുന്നതിനായി ഇപ്പോഴുള്ള ചികിത്സാ പദ്ധതികളെയെല്ലാം

സംയോജിപ്പിച്ച് സമഗ്രവും സമ്പൂർണ്ണവുമായ ഒരു ഇൻഷ്വറൻസ് പ്രോഗ്രാം കൊണ്ടുവരുന്നതാണ്. അത് നിലവിൽ വരുന്നതുവരെ ഇപ്പോഴുള്ള കാരുണ്യ ബെനവലന്റ് സ്കീം തുടരുന്നതാണ്. പങ്കാളിത്ത പെൻഷനെ സംബന്ധിച്ച് സർക്കാർ ഉടൻ നയപരമായ തീരുമാനമെടുക്കുന്നതാണ്. 5 കോടി രൂപവരെയുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ എം.എൽ.എ.-മാരുടെ അസ്സറ്റ് ഫണ്ട് ഉപയോഗിച്ച് നടത്തേണ്ടതും അതിന് മുകളിൽ വരുന്നത് ഗവൺമെന്റ് അനുവദിക്കുന്നതുമാണ്. കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റ് ഔട്ട്‌ലൈൻ ഒന്നും മാറ്റിയിട്ടില്ല. ആവശ്യമുള്ള കാര്യങ്ങളിൽ വർദ്ധനവ് നൽകുന്നതാണ്. മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി തുക അനുവദിക്കുന്നതാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുമുള്ള ഉപധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുമുള്ള ഉപധനാഭ്യർത്ഥനകൾ 40-നെതിരെ 70 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX വ്യക്തിപരമായ വിശദീകരണം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ) : കശുവണ്ടി ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇ-ടെണ്ടറിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഇറക്കിയ നാല് ഉത്തരവുകളിൽ രണ്ട് ഉത്തരവുകൾ ഉയർത്തിപ്പിടിച്ചാണ് പർച്ചേസ് ഓർഡറെന്നുപറഞ്ഞ് ശ്രീ. വി. ഡി. സതീശൻ സഭയെ തെറ്റിദ്ധരിപ്പിച്ചത്. അതിൽ ഒന്നിൽ വിദേശത്തുനിന്നും ഹൈസീസ് സെയിൽ നടത്തുമ്പോൾ തോട്ടണ്ടി ലഭ്യമല്ലാത്തതുകൊണ്ട് ലോക്കൽ പർച്ചേസ് നടത്താമെന്നും രണ്ടാമത്തേതിൽ ഇ-ടെണ്ടർ പ്രോസസ് എങ്ങനെയായിരിക്കണമെന്നുമാണ് വിശദീകരിച്ചിരിക്കുന്നത്. അദ്ദേഹം അതിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഒറിജിൻ ഏതെന്ന് സെൽഫ് സർട്ടിഫൈ ചെയ്യണമെന്ന വ്യവസ്ഥയെ കട്ടിംഗ് ടെസ്റ്റിന് തോട്ടണ്ടി

തരുന്നതാരാണോ അവരെതന്നെ നിയോഗിച്ചുവെന്ന് ഇവിടെ പറഞ്ഞത് ശരിയല്ല. കണ്ടീഷനിൽ തന്നെ ഒറിജിൻ ഡിക്ലയർ ചെയ്യാനുള്ള വ്യവസ്ഥയും കട്ടിംഗ് ടെസ്റ്റ് സംബന്ധിച്ച വ്യവസ്ഥയും പറയുന്നുണ്ട്. കൃത്യമായ ആ വ്യവസ്ഥയുടെ ഉത്തരവിനെ ചൂണ്ടിക്കാട്ടിയാണ് പർച്ചേസ് ഓർഡർ എന്നുപറഞ്ഞത്. അദ്ദേഹം ബോധപൂർവ്വം കാര്യങ്ങൾ വളച്ചൊടിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ആദ്യത്തെ രണ്ട് ടെണ്ടറിലും ക്വട്ടേഷനുകളൊന്നും ലഭിച്ചില്ലെങ്കിലും മൂന്നാമത്തേതിൽ ഐവറി കോസ്റ്റിന്റെ ക്വട്ടേഷൻ ലഭിച്ചു.  ഗുണനിലവാരത്തിന്റെ കുറവും വിലക്കൂടുതലും നിമിത്തം അത് റിജക്റ്റ് ചെയ്തു. പിന്നീട് കോർപ്പറേഷന് ലഭിച്ച ഗിനിബസാവോ ഒറിജിന്റെ ക്വട്ടേഷൻ ഉറപ്പിച്ചു. ഡോളർ റേറ്റ് സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് കാര്യങ്ങൾ അവതരിപ്പിച്ചത്. സ്ഥാപിത താല്പര്യക്കാരുടെയും സ്വകാര്യ മുതലാളിമാരുടെയും മോഹഭംഗത്തിൽ നിന്നുമുണ്ടായ നിരാശയെ മറയ്ക്കാൻ ബോധപൂർവ്വമായ അഴിമതി ആരോപണമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം കാഷ്യൂ കോർപ്പറേഷനിൽ നടന്ന അഴിമതി ഈ ഗവൺമെന്റിന്റെ കാലത്ത് നടത്താൻ അനുവദിക്കില്ല.

**X ചട്ടം 58 അനുസരിച്ചുള്ള ചർച്ച**

## സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

ശ്രീ. കെ. എസ്. ശബരീനാഥൻ: കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ചും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും സഭ ചർച്ച ചെയ്യണം. രാജ്യത്തെ വാഹനാപകടങ്ങളുടെ കണക്ക് പരിശോധിച്ചാൽ അഞ്ചാം സ്ഥാനമാണ് കേരളത്തിനുള്ളത്. 2015-ൽ മാത്രം 39014 വാഹനാപകടങ്ങൾ ഉണ്ടാകുകയും 4196 പേർ മരിക്കുകയും 4325 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഒരു ദിവസം പതിനൊന്ന് ആളുകൾ അപകടത്തിൽ മരിക്കുകയും എഴുപത്തിയേഴ് ആളുകൾക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്യുന്ന എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. റോഡ് ഡിസൈനിംഗിലെ അശാസ്ത്രീയതയും റോഡ് സേഫ്റ്റിയെക്കുറിച്ചുള്ള അജ്ഞതയുമാണ് അപകടങ്ങൾക്ക് പ്രധാന കാരണമാകുന്നത്. പാശ്ചാത്യരാജ്യങ്ങളിലുള്ളതുപോലെ കാൽനടക്കാർക്കും സൈക്കിൾ യാത്രികർക്കും വാഹനങ്ങൾക്കും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ റോഡുകൾ ഡിസൈൻ ചെയ്യണം. അമിതവേഗം, മത്സരഓട്ടം, മദ്യപാനം, ട്രാഫിക് നിയമലംഘനം, ഓവർടേക്കിംഗ്, ഡ്രൈവർമാരുടെ അശ്രദ്ധ എന്നിവയാണ് അപകടങ്ങൾക്ക് കാരണമാകുന്നത്. റോഡപകടങ്ങളിൽ മരിക്കുന്നത് കൂടുതലും ഇരുചക്ര വാഹന യാത്രികരും 18-നും 35-നും മധ്യേ പ്രായമുള്ളവരുമാണ്.

അശ്രദ്ധയോടെ ഇരുചക്ര വാഹനങ്ങൾ കൈകാര്യം ചെയ്യുന്നതിനെതിരെ കർശനമായ നിയന്ത്രണം കൊണ്ടുവരുന്നതിനും ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും സംവിധാനമുണ്ടാകണം. ടിപ്പറുകളുടെയും ബസ്സുകളുടെയും തെറ്റായ ഓവർടേക്കിംഗും അമിതവേഗതയും നിയന്ത്രിക്കപ്പെടണം. ഡ്രൈവർമാരുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിന് ബോധവൽക്കരണം നടത്തണം. അപകടത്തിൽപ്പെടുന്നവർക്ക് വേഗത്തിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി പ്രത്യേക ഫണ്ട് സ്വരൂപിക്കുന്നതിനും ജലഗതാഗത സൗകര്യങ്ങൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനും സർക്കാർ തയ്യാറാകണം. റോഡ് സുരക്ഷാ നിയമങ്ങൾ കർശനമായി പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനുള്ള ജാഗ്രത സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. മുരളി പെരുനെല്ലി: ടിപ്പർലോറി/ബസ് ഡ്രൈവർമാരുടെ അമിത വേഗത, റോഡുകളുടെ ശോചനീയാവസ്ഥ, അശ്രദ്ധയോടെ ഇരുചക്ര വാഹനങ്ങൾ ഓടിക്കൽ, മദ്യപിച്ചുള്ള ഡ്രൈവിംഗ്, നിയമലംഘനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങളാണ് അപകടങ്ങൾക്ക് കാരണമാകുന്നത്. അപകടരഹിതമായ യാത്രയ്ക്ക് സുരക്ഷിതമായ റോഡുകൾ അനിവാര്യമാണ്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ എന്നിവ നിർബന്ധമാക്കുന്നതിനും പാതയോരത്തെ

അനധികൃത വാഹനപാർക്കിംഗും റോഡരികിൽ മെറ്റലും മണലും മറ്റും നിക്ഷേപിക്കുന്നത് തടയുന്നതിനും നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി റോഡുകൾ സുരക്ഷിതമാക്കുന്നതിനും നടപടിയുണ്ടാകണം. വാഹനാപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് പ്രഥമശുശ്രൂഷ നൽകുന്നതിന് കേരള പോലീസ് രൂപം കൊടുത്ത പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. വാഹനപ്പെരുപ്പം നിയന്ത്രിക്കുന്നതിനും ചരക്കു ഗതാഗതം റെയിൽ മാർഗ്ഗമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനും ജലഗതാഗത പാതകൾ പുനരുദ്ധരിക്കുന്നതിനും സമഗ്രമായ ഗതാഗതനയം രൂപപ്പെടുത്തുന്നതിനും സർക്കാർ തയ്യാറാകണം.

ശ്രീ. ആർ. രാമചന്ദ്രൻ: അശാസ്ത്രീയമായ റോഡുനിർമ്മാണവും അലസമായ ഡ്രൈവിംഗുമാണ് അപകടങ്ങൾ വർദ്ധിക്കാനുള്ള പ്രധാന കാരണം. ലൈസൻസ് നൽകുന്ന സന്ദർഭത്തിൽ ഗൗരവതരമായ പരിശോധനയും നിരീക്ഷണവും ഏർപ്പെടുത്തണം. 18 വയസ്സിൽ ലൈസൻസ് നൽകേണ്ടതുണ്ടോ എന്നുള്ളത് പരിശോധിക്കുകയും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെയും ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കണം. അനധികൃത പാർക്കിംഗും റോഡുകൾ

മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കണം.

ശ്രീ. മോൻസ് ജോസഫ്: വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് സേഫ്റ്റി കൗൺസിലിന്റെ പ്രവർത്തനങ്ങൾ ജില്ലാതലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും റോഡ് മാർക്കിംഗിന് ഫണ്ട് അനുവദിക്കുന്നതിനും നടപടിയുണ്ടാകണം. ശാസ്ത്രീയമായ രീതിയിൽ ഹമ്പുകളും ദിശാബോർഡുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. റോഡ് സേഫ്റ്റി ഫണ്ടിലേയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതിനും പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനുമുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കണം.

ശ്രീ. സി. കെ. നാണു: റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പി.ഡബ്ല്യു.ഡി, ഗതാഗതം, പോലീസ് എന്നീ വകുപ്പുകൾ സംയുക്തമായി ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കണം.

ശ്രീ. പി. ഉബൈദുള്ള: കേരളത്തിൽ ഓരോ വർഷവും റോഡപകടങ്ങൾ

വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസൃതമായി റോഡുകളുടെ വീതി കൂട്ടുന്നതിനോ പുതിയ റോഡുകൾ നിർമ്മിക്കുന്നതിനോ കഴിയുന്നില്ല. അമിത വേഗതയും അനാരോഗ്യകരമായ മത്സരയോട്ടവും നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണം. ലഹരി പദാർത്ഥങ്ങളുപയോഗിച്ച് വാഹനമോടിച്ച് അപകടമുണ്ടാക്കുന്നവർക്കെതിരെ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കണം. കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി റോഡ് മുറിച്ചുകടക്കുന്നതിനും യാത്രചെയ്യുന്നതിനും വേണ്ടത്ര സീബ്രാലൈനുകളും ഫുട്പാത്തുകളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. റോഡ് വികസനത്തിന് യാതൊരു സാധ്യതയുമില്ലാത്ത ടൗണുകളിൽ ഫ്ലൈ ഓവറുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കാലഹരണപ്പെട്ട സ്കൂൾ ബസ്സുകൾക്കുപകരം പുതിയ ബസ്സുകൾ വാങ്ങുന്നതിനായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് എത്രയുംപെട്ടെന്ന് ലഭ്യമാക്കണം. അപകടങ്ങളിൽപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് വില്ലേജ് ഓഫീസുവഴി അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. സ്ഥിരമായി അപകടങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ റോഡ് സേഫ്റ്റി അതോറിറ്റി

ഫണ്ടുപയോഗിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എ. എം. ആരിഫ്: കേരളത്തിൽ ഓരോ പതിനഞ്ച് മിനിട്ടിലും റോഡപകടങ്ങൾ നടക്കുകയാണ്. വാഹനങ്ങളുടെ അമിത വേഗതയാണ് റോഡപകടങ്ങൾക്കുള്ള പ്രധാന കാരണം. അപകടങ്ങളിൽപ്പെടുന്നവരെ ചികിത്സിക്കുന്നതിനായി കൂടുതൽ ട്രോമാ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. വ്യാപകമായി ക്യാമറകൾ സ്ഥാപിച്ച് ട്രാഫിക് നിയമ ലംഘനം നടത്തുന്നവർക്ക് പിഴ ചുമത്തുകയും തുടർച്ചയായി മൂന്ന് തവണ ഗുരുതരമായ ട്രാഫിക് നിയമ ലംഘനം നടത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുകയും ചെയ്യണം. ട്രാഫിക് നിയമങ്ങൾ കർശനമാക്കിയും ശിക്ഷാ നടപടികൾ വർദ്ധിപ്പിച്ചും ട്രാഫിക് സംസ്കാരം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയും റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഓരോ ജില്ലയിലേയും റോഡപകടങ്ങൾ സംബന്ധിച്ച് റോഡ് സേഫ്റ്റി കൗൺസിൽ അവലോകനം ചെയ്യുകയും അപകടങ്ങൾ കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. റോജി എം. ജോൺ: രാജ്യത്തുണ്ടാകുന്ന റോഡപകടങ്ങളിൽ പത്ത്

ശതമാനത്തിലധികവും കേരളത്തിലാണുണ്ടാകുന്നത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. റോഡിന്റെ ശോച്യാവസ്ഥയും വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പവും റോഡപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണങ്ങളാണ്. സംസ്ഥാനത്തെ വാഹനപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി പബ്ലിക് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം കൂടുതൽ ഇഫക്ടീവാക്കേണ്ടതാണ്. ഒരു വ്യക്തിയുടെ പേരിൽ ഒന്നിലധികം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിൽ അധിക ടാക്സ് ചുമത്തുന്ന കാര്യം പരിശോധിക്കണം. രൂക്ഷമായ ഗതാഗത കുരുക്കുള്ള സ്ഥലങ്ങളിൽ ബൈപ്പാസ് നിർമ്മിച്ച് ഗതാഗത സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. ഹൈവേ പട്രോളിംഗ് ടീമുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും ഒരു ട്രോമാ കെയർ നഴ്സിനെ പട്രോളിംഗ് ടീമിൽ ഉൾപ്പെടുത്താനാകുമോയെന്ന് പരിശോധിക്കുകയും വേണം. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനത്തിന് ഉയർന്ന യോഗ്യത നിശ്ചയിക്കുകയും അവർക്ക് പരിശീലനം നൽകുകയും വേണം. ബി.എഡ്, ടി.ടി.സി പോലുള്ള കോഴ്സുകളിൽ ട്രാഫിക് അവയർനെസ്സ് പാഠ്യപദ്ധതിയുടെ ഭാഗമാക്കണം.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ഒരു വിഷയം ചട്ടം 58 പ്രകാരം നോട്ടീസ്

നൽകി ശ്രീ. കെ. എസ്. ശബരീനാഥൻ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ശ്രമിച്ചതിന് അദ്ദേഹത്തെ അഭിനന്ദിക്കുന്നു. സഭാ നടപടിക്രമങ്ങളുടെ സാധ്യതയും അവസരവും പ്രയോജനപ്പെടുത്തി ഇത്തരം ചർച്ചകളിൽ ഇടപെടൽ നടത്താൻ പുതിയ അംഗങ്ങൾ കാണിക്കുന്ന താത്പര്യവും ശ്രദ്ധേയമാണ്.

## XI അറിയിപ്പ്

കേരളപ്പിറവി ആഘോഷം

മി. സ്പീക്കർ: ഐക്യ കേരള പിറവിയുടെ 60-ാം വാർഷികമായ നാളെ സഭ രാവിലെ ചേർന്ന് കക്ഷിനേതാക്കളുടെ പ്രസംഗത്തോടുകൂടി പിരിയും. അതിനുശേഷം നിയമസഭാ കോംപ്ലക്സിൽ നടക്കുന്ന വിപുലമായ സമ്മേളനത്തിലും വൈകിട്ട് നിയമസഭാ സാമാജികർക്കായി മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്ന ഗസൽ സന്ധ്യയിലും അംഗങ്ങൾ കുടുബസമേതം പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടർച്ച)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): അപകടങ്ങൾ കുറയ്ക്കുകയും അപകടമുണ്ടായാൽ അടിയന്തര ചികിത്സയും സുരക്ഷയും ഉറപ്പ് വരുത്തുകയും ചെയ്യണം. റോഡ് നിയമങ്ങൾ പാലിക്കുകയെന്നതാണ് അപകടങ്ങൾ കുറയ്ക്കാനുള്ള ഏകമാർഗ്ഗം. റോഡപകടം കുറയ്ക്കുന്നതിന് ബോധവത്കരണം വലിയൊരു

ക്യാമ്പയിനായി നടത്താൻ എല്ലാവരുടെയും സഹകരണമാവശ്യമാണ്. വിദ്യാലയങ്ങളിൽ ബോധവത്കരണം എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ആലോചിക്കുന്നതാണ്. ഇന്റർവ്യൂകളിലെ ചോദ്യത്തിൽ അഞ്ചുശതമാനം മാർക്ക് റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ടതാക്കാനുള്ള നിർദ്ദേശം വച്ചിട്ടുണ്ട്. ഹെൽമറ്റ് നിർബന്ധമാക്കുകയും ഹെൽമറ്റ് പരിശോധന ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതുമാണ്. റോഡ് സേഫ്റ്റി കൗൺസിലിൽ നിയമസഭാ അംഗങ്ങളെ ഉൾപ്പെടുത്താൻ നിയമഭേദഗതി കൊണ്ടുവരേണ്ടതുണ്ട്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിന് ആരോഗ്യവകുപ്പ് സമർപ്പിച്ച നിർദ്ദേശം റോഡ് സേഫ്റ്റി അതോറിറ്റിയുടെ അടുത്ത യോഗത്തിൽ പരിശോധിച്ച് അനുകൂലമായ തീരുമാനമെടുക്കുന്നതാണ്. പൊതുമരാമത്ത്, ആരോഗ്യം, ഗതാഗതം, പോലീസ് എന്നീ വകുപ്പുകൾ സംയുക്തമായി റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും നവംബർ മാസം 8- ാം തീയതി നടക്കുന്ന ട്രാൻസ്പോർട്ട് മന്ത്രിമാരുടെ യോഗത്തിൽ റോഡ്

സേഫ്റ്റി ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതുമാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): അപകടം നടക്കുന്ന ആദ്യത്തെ ഒരു മണിക്കൂറിനുള്ളിലാണ് മരണം സംഭവിക്കുന്നതെന്നത് മനസ്സിലാക്കിക്കൊണ്ട് ഹൈവേയിലുള്ള പ്രധാനപ്പെട്ട ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിച്ചും അത്യന്താധുനിക സൗകര്യത്തോടെയുള്ള ആംബുലൻസുകൾ സജ്ജീകരിച്ചുകൊണ്ടും അപകടത്തിൽപ്പെടുന്നവരെ തൊട്ടടുത്തുള്ള ആശുപത്രികളിൽ എത്തിക്കുന്നതിനും ചികിത്സയ്ക്കാവശ്യമായ സംവിധാനങ്ങൾ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തുന്നതിനുമുള്ള ഒരു പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റിക്കും കിഫ്ബിക്കും നൽകിയിട്ടുണ്ട്. ഈ പ്രൊപ്പോസൽ അനുവദിച്ചുകിട്ടിയാൽ റോഡപകടംമൂലമുണ്ടാകുന്ന മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ കഴിയും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു ചർച്ചയാണ് ഇവിടെ നടന്നത്. വാഹനപ്പെരുപ്പവും നിലവാരമില്ലാത്തതും വീതി കുറഞ്ഞതുമായ റോഡുകളും ഡ്രൈവർമാരുടെ നിരുത്തരവാദിത്വവും വാഹനങ്ങളുടെ പഴക്കവും ജനങ്ങളുടെ ഗതാഗത ബോധമില്ലായ്മയുമാണ് അപകടങ്ങൾക്കിടയാക്കുന്നത്. റോഡ് നിർമ്മാണത്തിന്റെ

പോരായ്മകൊണ്ടുണ്ടാകുന്ന അപകടങ്ങൾ മൂന്ന് ശതമാനം മാത്രമേയുള്ളൂ. നാലുവരിപ്പാതകളുടെ കുറവും നടപ്പാതകളില്ലാത്ത അവസ്ഥയും കെട്ടിടനിർമ്മാണത്തിനായി റോഡുകളിൽ സാധനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതും ട്രാഫിക് നിയമം കർശനമായി പാലിക്കാത്തതുംമൂലം റോഡുകളിൽ അപകടങ്ങൾ വർദ്ധിച്ചുവരികയാണ്. അപകടകരമായി വാഹനമോടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് ക്യാൻസൽ ചെയ്യണം. ജില്ലകൾതോറും ഡ്രൈവിംഗ് സ്കൂൾ നിർമ്മിച്ച് ഡ്രൈവർമാർക്ക് അവബോധം സൃഷ്ടിക്കണം. റോഡുകളിൽ സുരക്ഷാ ബോർഡുകൾ സ്ഥാപിക്കണം. റോഡരികിൽ അപകടകരമായി നിൽക്കുന്ന മരങ്ങളുടെ കൊമ്പുകൾ വെട്ടിമാറ്റുന്നതിനും അലക്ഷ്യമായി സ്ഥാപിച്ചിട്ടുള്ള കേബിളുകളും തൂണുകളും മാറ്റി സ്ഥാപിക്കുന്നതിനും നടപടിയുണ്ടാകണം. രാത്രികാലങ്ങളിൽ വാഹനങ്ങളിൽ ഡിം ലൈറ്റുകൾ പ്രവർത്തിപ്പിക്കാത്തതും തെരുവുവിളക്കുകളുടെ അഭാവവും കൂടുതൽ അപകടങ്ങൾ ഉണ്ടാക്കുന്നുണ്ട്. റോഡുകൾക്ക് സമാന്തരമായി ഡ്രെയിനേജ് സൗകര്യമേർപ്പെടുത്തി റോഡ് സുരക്ഷ ഉറപ്പുവരുത്തണം. റോഡുകളിൽ സ്പീഡ് ഡിറ്റക്റ്റർ സ്ഥാപിച്ചും റോഡ് നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തിയും റോഡ് സുരക്ഷയെപ്പറ്റി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയും അപകടങ്ങൾ കുറയ്ക്കാൻ കഴിയണം. വാഹനപ്പെരുപ്പത്തിന് ആനുപാതികമായി

റോഡുകളുടെ വികസനത്തിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വാഹനപരിശോധന നടത്തിയും 'ശുഭയാത്ര' പദ്ധതിപ്രകാരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടങ്ങൾ കുറയ്ക്കുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള റോഡുനിർമ്മാണത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്. ട്രാഫിക് പോലീസുകാർക്ക് മികച്ച പരിശീലനം നൽകുന്നതിനും കോൺട്രാക്ടർമാരുടെയും എഞ്ചിനീയർമാരുടെയും അലസതമൂലമുണ്ടാകുന്ന വീഴ്ചകൾക്ക് പരിഹാരം കാണുന്നതിനും സത്വര നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഈ ചർച്ച ഉപകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.ഡബ്ല്യു.ഡി, പോലീസ്, ഹെൽത്ത്, ഗതാഗതം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്.

(സഭ വൈകുന്നേരം 5.07-ന് പിരിഞ്ഞു)